തൊഴിൽത്തക്കത്തോടനുബന്ധിച്ചു കൊലക്കേസുകൾ.

*334. [32] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലിരിക്കുന്ന മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം തൊഴിൽത്തക്കങ്ങളോടനുബന്ധിച്ച് എത്ര കൊലക്കേസുകൾ ഉണ്ടായി എന്നു പറയുമോ ;

(ബി) അവ എവിടെയെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തൊഴിൽത്തക്കങ്ങളോടനുബന്ധിച്ച് കൊലക്കേസുകൾ ഒന്നുമുണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേടുപറ്റിയ പാലങ്ങൾ.

*335. [33] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) കൊല്ലം ഡിസ്ട്രിക്റ്റിൽ വാഹനങ്ങൾ ലോഡുചെയ്തു പോകാൻ സാധിക്കാത്ത കേടുപറ്റിയ എത്ര പാലങ്ങൾ ഉണ്ട് ;

(ബി) അവ ഏതെല്ലാമാണ് ;

(സി) അവയിൽ കേടുസംഭവിച്ചു ഏറ്റവും പഴക്കം ചെന്ന പാലമായ കായംകുളം ടൗണിലെ പാലം എന്നത്തേയ്ക്കു പണി തീർക്കുവാനാണുദ്ദേശിക്കുന്നത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 14.

(ബി)* ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) ഈ പാലം പണിയേണ്ട കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : വളരെ അധികം പഴക്കം ചെന്ന കായംകുളം ടൗണിലെ പാലം പണിയുന്നതിനു ഇത്ര കാലതാമസം വരുന്നതു എന്തുകൊണ്ടാണ് ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു ഒരു എസ്റ്റിമേറ് എടുത്തിട്ടുണ്ട്. ഏതാണ്ട് 5 ലക്ഷത്തിൽ ചില്വാനം രൂപ അതിൽ ഉൾക്കൊള്ളുന്നുണ്ട്. ഈ സംബന്ധിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ പാലം പണിയേണ്ടെന്നു പറഞ്ഞു അവിടത്തെ ഏതെങ്കിലും വ്യവസായി ഗവണ്മെൻറിനെ സമീപിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

* Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly